കൂടി നൽകണമെന്ന് റയിൽവേ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വാർഷിക മെയിന്റനൻസിന് കൊല്ലത്തിൽ 3.50 ലക്ഷം രൂപയോ അല്ലെങ്കിൽ മൊത്തമായി 45 ലക്ഷം രൂപയോ കൂടി അടയ്ക്കണമെന്ന് റയിൽവേ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

കേരള ഗവൺമെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ ഇൻ എൻജിനിയറിംഗ്

106 (3747) ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഗവൺമെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ ഇൻ എൻജിനിയറിംഗ് പരീക്ഷ നടത്തുന്നതിൽ വർഷം തോറുമുണ്ടാവുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പരീക്ഷാ നടത്തുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ക്ലാസ് കഴിഞ്ഞാൽ ഉടൻ പരീക്ഷ നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആൾ കേരളാ സാങ്കേതിക സ്ഥാപനങ്ങളുടെ (പ്രൈവറ്റ്) അസോസിയേഷൻ ഒ. പി. 16141/96 ഫയൽ ചെയ്തിരുന്നതിനാൽ പരീക്ഷയ്ക്ക് കാലതാമസം നേരിട്ടു.

(സി) പരീക്ഷ കൃത്യമായി നടത്തുവാനുള്ള എല്ലാ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

തൊടുപുഴ പി. ഡബ്ലിയു.ഡി. ടി. ബി.ക്ക് പുതിയ വർക്കുകൾ

107 (3748) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊടുപുഴ പി.ഡബ്ല്യു.ഡി., ടി.ബി. യുടെ പുതിയ വർക്കുകൾക്ക് മൊത്തം എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ ;

(ബി) പഴയ ടി. ബി.യോട് ചേർന്ന് പുതിയ റൂമുകളും മറ്റും ഉണ്ടാക്കിയതിന് കരാർ ഏറ്റെടുത്തത് ആരായിരുന്നു ; അടങ്കൽ തുക എത്ര ; ഏതെല്ലാം വർക്കുകളായിരുന്നു ഉൾക്കൊള്ളിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജോലികളുടെ ഭരണാനുമതിയും പ്രത്യേക അനുമതിയും നൽകിയ ഉത്തരവുകളുടെ നമ്പരും തീയതിയും വെളിപ്പെടുത്തുമോ ;

(ഡി) തൊടുപുഴ ടി.ബി.ക്ക് അഡീഷണൽ റൂമുകൾ പണിയാനുള്ള നിർദ്ദേശം നൽകിയത് എന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly